## വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയം

2(*2) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയത്തിൽ സംസ്ഥാനത്തെ ഒരു വിമാനത്താവളത്തെപ്പോലും ഉൾപ്പെടുത്താത്ത സാഹചര്യം ഏതുവിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിലും, വിദേശപണം രാജ്യത്ത് കൊണ്ടുവരുന്ന കാര്യത്തിലും മുൻപന്തിയിലുള്ള കേരളത്തിലെ വിമാനത്താവളത്തെ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽ ഏതെങ്കിലും നമ്മുടെ അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഹാരനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഇന്ത്യയിലെ വ്യോമയാന മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയം 10-11-2014 ൽ പുറപ്പെടുവിച്ച കരട് സിവിൽ ഏവിയേഷൻ പോളിസിയിൽ രാജ്യത്തെ ആറ് മെട്രോപൊളിറ്റൻ എയർപോർട്ടുകളായ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളെ വലിയ അന്താരാഷ്ട്ര ഹബ്ബുകളായി വികസിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കരട് വിജ്ഞാപനം മാത്രമാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സിയാലിനെ International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30-12-2014-ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി അന്തിമ വിജ്ഞാപനത്തിൽ സിയാലിനെ ഉൾപ്പെടുത്തിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കരട് വ്യോമയാന നയത്തിൽ രാജ്യത്തെ മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് അന്താരാഷ്ട്ര ഹബ്ബ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ വിമാനത്താവളങ്ങൾ മെട്രോപോളിറ്റൻ വിഭാഗത്തിൽപെടാത്ത വയായതിനാലാണ് ഇതിൽ ഉൾപ്പെടാതെ പോയത്. എന്നാൽ യാത്രക്കാരുടെ എണ്ണത്തിൽ മുൻപന്തിയിലുള്ള, രാജ്യത്തെ വ്യോമയാന മേഖലയുടെ കുതിപ്പിന് തന്നെ വഴിവച്ച ആദ്യത്തെ പി.പി.പി. വിമാനത്താവളമായ Cochin International Airport Limited (CIAL)-നെ കരട് വ്യോമയാന നയത്തിൽ വിഭാവനം ചെയ്യുന്ന International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30-12-2014-ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. കേരളത്തിൽനിന്നുള്ള ബഹു. എം.പി.മാരോട് ഇക്കാര്യത്തിൽ ഇടപെടുവാനും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്**

3(*3) ശ്രീമതി ഗീതാ ഗോപി :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ തൊഴിൽ രഹിതരാകുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതിവിവരക്കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം വരുമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശയാനങ്ങൾക്കൊപ്പം സംയുക്ത സംരംഭകർക്കും റിപ്പോർട്ടിൽ അനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംയുക്ത സംരംഭകർക്കാണ് അനുമതി ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിൽരഹിതരാകുന്ന മത്സ്യ-അനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചാലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly